# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3514 — 24.06.2013-ലെ മറുപടിക്ക്

### ജയിലുകളിലെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകളിൽ നിലവിൽ എത്ര തടവുകാരുണ്ട്; ഇവരിൽ സ്ത്രീ/പുരുഷ തടവുകാരുടെ എണ്ണം വെവ്വേറെ അറിയിക്കുമോ; | എ) 17.6.2013-ലെ കണക്കുപ്രകാരം<br>സ്ത്രീ തടവുകാർ - 201<br>പുരുഷ തടവുകാർ - 7023<br>ആകെ - 7224. |
| ബി) ജയിൽ സുരക്ഷയ്ക്കുവേണ്ടി ആകെ എത്ര ജീവനക്കാരെ സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട് എന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | ബി) ജയിൽ സുരക്ഷയ്ക്കുവേണ്ടി വിവിധ തസ്തികകളിലായി ആകെ 1609 എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത ജീവനക്കാരിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിവരം നൽകുമോ; | സി) 259 താൽക്കാലിക ജീവനക്കാരുണ്ട്. മെയിൽ വാർഡർ - 257, ഫീമെയിൽ വാർഡർ - 2, ആകെ 259. |
| ഡി) സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷാഭീഷണി നിലവിലുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി നാളിതുവരെ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു എന്നറിയിക്കുമോ? | ഡി) യും ഇ) യും ഉണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുവഴി ജയിലിന്റെ അച്ചടക്ക സംവിധാനത്തിന് തടസവും, കനത്ത സുരക്ഷാ വീഴ്ചയും ഉണ്ടാകുമെന്നും സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമാണെന്നുമുള്ള വിവരം ഇന്റലിജൻസ് അറിയിക്കുകയുണ്ടായി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് താൽക്കാലിക വാർഡർമാരെ നിയമിച്ചിട്ടുള്ളത്. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ

# അനുബന്ധം

എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ :

1) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ - 4

2) സൂപ്രണ്ട്, സെൻട്രൽ പ്രിസൺ/ തുറന്ന ജയിൽ - 5

3) ജയിലർ - 22

4) സൂപ്രണ്ട് - വനിത ജയിൽ - 3

5) ഡെപ്യൂട്ടി ജയിലർ -26

6) ഡെപ്യൂട്ടി സൂപ്രണ്ട് - 3

7) അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I - 59

8) അസിസ്റ്റന്റ് ജയിലർ ഗ്രേഡ് II - 52

9) ചീഫ് വാർഡർ - 7

10) ഗേറ്റ് കീപ്പർ - 6

11) ഹെഡ് വാർഡർ - 330

12) വാർഡർ - 967

13) ഫീമെയിൽ വാർഡർ - 85

14) മേട്രൺ ഗ്രേഡ് I & II - 40

സെക്ഷൻ ഓഫീസർ